# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KNR/C12/470/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 19/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-11, 1-12, 1-13, 1-15, 1-18 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KNR/C12/470/2022 തീയ്യതി: 19/05/2022

## കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 16-02-2022 | 28-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-02-2022 | 28-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അന്ന അബ്രഹാം, ഓഡിറ്റർ
ശ്രീ. ശ്രീനാഥ് വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാലൻ ഇ പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഇ ആർ സാംജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 29-04-2019 |
| ശ്രീ ഷാജി ജോസഫ് ചെറുകുന്നേൽ | സെക്രട്ടറി | 30-04-2019 | 28-08-2019 |
| ശ്രീ.ഇ ആർ സാംജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-08-2019 | 09-10-2019 |
| ശ്രീ ഷാജി ജോസഫ് ചെറുകുന്നേൽ | സെക്രട്ടറി | 10-10-2019 | 11-11-2019 |
| ശ്രീ.ഇ ആർ സാംജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-11-2019 | 17-12-2019 |
| ശ്രീ.ടി വി ബാലകൃഷ്ണൻ | സെക്രട്ടറി | 18-12-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജിതിൻ വി വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സുജോയ് പി വി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.സന്ദൂപ് പി | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രഭാവതി പി പി | ഐ സി ഡി എസ് സൂപ്പർ വൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.സ്നേഹേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.മനേഷ് കെ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2019 | 31-03-2020 |
| ഡോ.ജുമാന എം എ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.ഉണ്ണിമാധവൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.ഇ ആർ സാംജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 18-12-2019 |
| ശ്രീ.ഷിൽജൻ | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് | 19-12-2019 | 26-12-2019 |
| ശ്രീമതി.ഗ്ലീന ക്ലിറ്റസ് | അസിസ്റ്റന്റ് സെക്രട്ടറി | 27-12-2019 | 31-03-2020 |
| ശ്രീമതി ഷംന ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ganesan Keloth (Asst. Audit Officer, On 22-02-2022)<br>Last Updated By: Ganesan Keloth (Asst. Audit Officer, On 22-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ganesan Keloth (Asst. Audit Officer, On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Ganesan Keloth (Asst. Audit Officer, On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ganesan Keloth (Asst. Audit Officer, On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 17-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Ganesan Keloth (Asst. Audit Officer, On 17-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Ganesan Keloth (Asst. Audit Officer, On 17-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Ganesan Keloth (Asst. Audit Officer, On 17-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Ganesan Keloth (Asst. Audit Officer, On 17-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ganesan Keloth (Asst. Audit Officer, On 26-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-9 |
| 11 | ഗ്രാമസഭ<br>Written By: Ganesan Keloth (Asst. Audit Officer, On 25-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-10 |
| 12 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-11 |
| 13 | മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിക്കാത്തത്<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-12 |
| 14 | കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്ററിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: SREENATH V (Auditor, On 28-02-2022) | 1-13 |
| 15 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-14 |
| 16 | കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: SREENATH V (Auditor, On 28-02-2022) | 1-15 |
| 17 | ബാങ്ക് കെട്ടിടങ്ങളെ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ എന്ന ഗണത്തിൽ പെടുത്തി വസ്തുനികുതി ഈടാക്കി<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-16 |
| 18 | മൂല്യ നിർണ്ണയം നടത്തിയതിനേക്കാൾ അധികം തുക നൽകി-₹ 10,600 നിരാകരിക്കുന്നു.<br>Written By: Anu Abraham (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-17 |
| 19 | വീട് വാസയോഗ്യമാക്കൽ പദ്ധതി-മേൽക്കൂര മാറ്റി വയ്ക്കുന്നതിലധികം പ്രവൃത്തി | 1-18 |

| | | |
|---|---|---|
| | നടത്തിയോയെന്ന് വ്യക്തമല്ല.-₹1,75,000 തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Anu Abraham (Auditor, On 01-03-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | |
| 20 | ഭവന പുനരുദ്ധാരണം-മേൽക്കൂര മാറ്റി വയ്ക്കുന്നതിലധികം പ്രവൃത്തി നടത്തിയോയെന്ന് വ്യക്തമല്ല.-₹10,000 തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Anu Abraham (Auditor, On 01-03-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-19 |
| 21 | ലൈഫ് ഭവന നിർമ്മാണ പദ്ധതി-അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-20 |
| 22 | ഓണം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-₹6,000 തിരികെ ഈടാക്കിയിട്ടില്ല.<br>Written By: Anu Abraham (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-21 |
| 23 | പെരുവളങ്ങ അങ്കണവാടിയിൽ കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് നൽകിയത് -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Anu Abraham (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-22 |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Anu Abraham (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-23 |
| 25 | തെരുവ് വിളക്ക് പരിപാലനം-അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 01-03-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-24 |
| 26 | എയ്ഡഡ് സ്കൂളിലെ ടോയ്ലെറ്റ് നിർമ്മാണം - അപാകതകൾ<br>Written By: Ganesan Keloth (Asst. Audit Officer, On 03-03-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-25 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലനം-അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 03-03-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-26 |
| 28 | ഗണിതം, മലയാളം ഭാഷാ പഠനം, ശാസ്ത്ര തൊഴിൽ പരിചയ മേള കുട്ടികൾക്ക് - ₹1000 തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-27 |
| 29 | ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ഡയലൈസർ കിറ്റ് - ഒറിജിനൽ ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല.<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-28 |
| 30 | സാന്ത്വന പരിചരണ പരിപാടിയുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-29 |
| 31 | സാന്ത്വന പരിചരണ പരിപാടി (സ്പിൽ ഓവർ) - ₹54,273 തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 1-30 |
| 32 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തു/സ്റ്റോക്കിൽ അവശേഷിക്കുന്നു.<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-31 |
| 33 | ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ - ₹32994/-തടസ്സപ്പെടുത്തുന്നു<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-32 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | മൂല്യ നിർണ്ണയം നടത്തിയതിനേക്കാൾ അധികം തുക നൽകി-₹ 10,600 നിരാകരിക്കുന്നു.<br>Written By: Ganesan Keloth (Asst. Audit Officer, On 09-05-2022) | 3-1 |

| | | |
|---|---|---|
| | Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Ganesan Keloth (Asst. Audit Officer, On 17-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 21-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ganesan Keloth (Asst. Audit Officer, On 21-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ganesan Keloth (Asst. Audit Officer, On 26-02-2022)<br>Last Updated By: Ganesan Keloth (Asst. Audit Officer, On 26-02-2022) | 4-4 |
| 5 | വായ്പ,വായ്പ തിരിച്ചടവ്<br>Written By: Ganesan Keloth (Asst. Audit Officer, On 17-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ<br>Written By: Ganesan Keloth (Asst. Audit Officer, On 28-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ganesan Keloth (Asst. Audit Officer, On 26-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Ganesan Keloth (Asst. Audit Officer, On 26-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Ganesan Keloth (Asst. Audit Officer, On 26-02-2022)<br>Last Updated By: Ganesan Keloth (Asst. Audit Officer, On 26-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ganesan Keloth (Asst. Audit Officer, On 05-03-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 18-05-2022) | 4-10 |
| 11 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: SREENATH V (Auditor, On 28-02-2022)<br>Last Updated By: SREENATH V (Auditor, On 28-02-2022) | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Ganesan Keloth (Asst. Audit Officer, On 26-02-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 13.02.2019 തീയതിയിലെ 02/2019 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 30451963 |
| വരവ് | 385987231 |
| ആകെ | 416439194 |
| ചെലവ് | 387987974 |
| നീക്കിയിരിപ്പ് | 28451220 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 11.06.2020 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.06.2020 തീയതിയിലെ 2/20 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1. B-2 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ Capital Contribution ഇനത്തിൽ 2018-19 വർഷത്തിൽ രേഖപ്പെടുത്തിയ തുക(57789399) തന്നെയാണ് 2019-20 വർഷത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്.

2. B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. B-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് സംബന്ധിച്ച നീക്കിയിരിപ്പിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ സ്ഥാപന മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. B-11- പത്രിക പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് കാലികമാക്കിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

5. B-12- പത്രിക പ്രകാരമുള്ള നിക്ഷേപ വിവരം ബന്ധപ്പെട്ട രജിസ്റ്ററിലെ വിവരവുമായി പൊരുത്തപ്പെടുന്നില്ല.
6. B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ Loans ,Advances And Deposits ഇനത്തിൽ നൽകിയ തുകകൾ സംബന്ധിച്ച രജിസ്റ്റർ സ്ഥാപനമേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3502365 |
| വരവ് | 64248385 |
| ആകെ | 67750750 |
| ചെലവ് | 53925748 |
| നീക്കിയിരിപ്പ് | 13825002 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം – ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10600 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 273267 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12823498 | 12823498 | 12068481 | 755017 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1510000 | 1510000 | 1510000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 170000 | 170000 | 170000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 8595000 | 8595000 | 4031541 | 4563459 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3829000 | 3829000 | 1682761 | 2146239 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10027472 | 10027472 | 4922571 | 5104901 |
| എം എൻആർ ഇ ജി എസ്- 100ദിവസം പൂർത്തിയാക്കിയവർക്കുള്ള പാരിതോഷികം | 0 | 77000 | 77000 | 77000 | 0 |
| ടി എസ് സി | 521113 | 0 | 521113 | 425000 | 96113 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 366583 | 663210 | 1029793 | 1799488 | 230305 |
| ശുചിത്വമിഷൻ | 275643 | 0 | 275643 | 196211 | 79432 |
| മറ്റ് ക്യാപ്പിറ്റൽ ഗ്രാന്റുകൾ | 1223560 | 0 | 1223560 | 625967 | 597593 |
| സാക്ഷരത ഗ്രാന്റ് | 43448 | 1474 | 44922 | 0 | 44922 |
| മറ്റ് ഗവൺമെന്റ് ഗ്രാന്റുകൾ | 0 | 2008400 | 2008400 | 8400 | 2000000 |
| ജില്ല/ബ്ലോക്ക് വിഹിതം-റവന്യൂ | 1052500 | 1576000 | 2628500 | 926000 | 1702500 |
| സർവ്വ ശിക്ഷ അഭിയാൻ | 7.94 | 0 | 7.94 | 7 | 0.94 |
| കേന്ദ്രവിഹിതം-പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 0 | 132000 | 132000 | 108000 | 24000 |
| എം പി ഫണ്ട് | 1263 | 44 | 1307 | 30 | 1277 |
| സംസ്ഥാനവിഹിതം-പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 12260 | 0 | 12260 | 0 | 12260 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 369 | 15444031 | 15444400 | 15424745 | 19655 |

സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങൾ മാനദണ്ഡങ്ങൾക്കനുസരിച്ച് യഥാസമയം വിനിയോഗിക്കാനും അവശേഷിക്കുന്ന തുക തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാന്റ് വിനിയോഗ പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 171 | 81472706 | 133 | 41221025 | 20 | 38 | 113 | 66 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 5710650 | 2483100 | 43.48 |
| വെറ്റിനറി സർജൻ | 4 | 4 | 1470000 | 688750 | 46.85 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 5 | 5 | 1898758 | 1009520 | 53 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 | 100 |

| | | | | | |
|---|---|---|---|---|---|
| വി ഇ ഒ | 15 | 11 | 13612186 | 7453881 | 54.75 |
| ഐസിഡിഎസ് സൂപ്പർവൈസർ | 3 | 3 | 3950000 | 3949488 | 99.98 |
| സെക്രട്ടറി | 26 | 21 | 5752995 | 4854650 | 84.38 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 94 | 70 | 45130870 | 17765368 | 39.36 |
| ഹെഡ്മാസ്റ്റർ | 7 | 6 | 1572887 | 1381364 | 87.82 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 3 | 786000 | 225000 | 28.63 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1488360 | 1309904 | 88 |
| ആകെ | 171 | 133 | 81472706 | 41221025 | 50.59 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 369 | 376436 | 376805 | 357150 | 19655 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്- മെറ്റീരിയൽ ചെലവ് ഉൾപ്പെടെ | 0 | 15067595 | 15067595 | 15067595 | 0 |
| ആകെ | 369 | 15444031 | 15444400 | 15424745 | 19655 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48480 | 55 |
| കർഷകതൊഴിലാളി പെൻഷൻ | 7898700 | 567 |
| വിധവാപെൻഷൻ | 11796400 | 830 |
| വാർദ്ധക്യകാലപെൻഷൻ | 21174200 | 1444 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 4724700 | 324 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 801300 | 47 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.22 ന് വൈകുന്നേരം 3.30 മണിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5274 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി.സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ഓഫീസ് ഓർഡറുകൾ വഴി ചുമതലകൾ നിശ്ചയിച്ച് നല്കുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിക്കാണുന്നില്ല.

## 1-10 ഗ്രാമസഭ

മുഴുവൻ വാർഡുകളിലും മൂന്നാവണ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മഴവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് വായിക്കൽ, പ്ലാസ്റ്റിക്ക് നിരോധനം, ദുരന്തനിവാരണം സംബന്ധിച്ച പ്രവർത്തനങ്ങൾ ഉടങ്ങിയ വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-11 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം

ഗ്രാമപഞ്ചായത്തിൽ 2019-20 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടങ്ങൾ പാർപ്പിട ആവശ്യത്തിനുള്ളതാണെന്ന് കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ |
|---|---|---|---|
| 5 | ഗോപാലൻ | പപ്പട നിർമാണം | III/85 B |
| 129 | പി കെ സഹചിത്രൻ | ഗ്രാനൈറ്റ് വിൽപന | IV/426 B |
| 140 | സുധാകരൻ കെ | ഹോട്ടൽ | I/184 |
| 152 | സെക്രട്ടറി, കേരള ഫുഡ് ഹൌസ് & കാറ്ററിങ് കോ ഓപ്പ്, പരിയാരം മെഡിക്കൽ കോളേജ് | ഭക്ഷണം ഉണ്ടാക്കി വിൽപന | XII/713 |
| 154 | അനിതകുമാരി പി | കറി പൗഡർ ഉണ്ടാക്കി വിൽപന | II/516 |
| 197 | ഗിരീഷ് പി പി | ഡിജിറ്റൽ സേവ കോമൺ സർവീസ് സെന്റർ | VII/124 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി 22.02.2022) മറുപടിയായി മേൽ പട്ടികയിലെ III/85 B, I/184, II/516 എന്നീ കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റുന്നതിന് അപേക്ഷകരോട് നിർദ്ദേശിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. IV/426 B എന്ന കെട്ടിടം സ്ഥാപനത്തിലെ ജീവനക്കാരുടെ താമസത്തിന് വേണ്ടിയുള്ളതാണെന്നും, ക്രമ നം 197 ലെ അപേക്ഷകന് ലൈസൻസ് അനുവദിച്ചിട്ടുള്ളത് VII/110 എന്ന വാണിജ്യ കെട്ടിടത്തിലാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. XII/713 എന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് മറുപടിയിൽ പരാമർശിച്ചിട്ടില്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

എഫ്.ടി.ഇ.& ഓ.എസ് ലൈസൻസ് അനുവദിക്കുമ്പോൾത്തന്നെ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തുനികുതി അനുയോജ്യമായ ഉപയോഗ ഗണത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 മൊബൈൽ ടവർ പെർമിറ്റ് നൽകിയത് - തുടർനടപടി സ്വീകരിക്കാത്തത്

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019, റൂൾ 130 പ്രകാരം മൊബൈൽ ടവറുകളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. പെർമിറ്റ് കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം അസൽ പെർമിറ്റ് ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ചുവടെ ചേർത്ത മൊബൈൽ ടവറിന്റെ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും പെർമിറ്റ് പുതുക്കുകയോ ടവറിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം | അപേക്ഷ നമ്പർ | മൊബൈൽ ടവറിന്റെ/ ഉടമയുടെ വിവരം | പെർമിറ്റ് നമ്പർ/തീയതി |
|---|---|---|---|
| 1 | A1/8251/07.08.19 | റിലയൻസ് ജിയോ | A1-8251/2019 Dated 31.08.2019 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11 തീയതി 22.02.2022) മറുപടിയായി പണി പൂർത്തീകരിച്ച് റെഗുലറൈസേഷൻ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പെർമിറ്റ് കാലാവധിയായ ഒരു വർഷം കഴിഞ്ഞിട്ടും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്യാത്തത്

സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമാണ പെർമിറ്റ് രജിസ്റ്ററിലെ അപാകതകൾ

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമായേക്കാം.

പെർമിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 30 രൂപയും വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 50 രൂപയുമാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | പ്രിൻസിപ്പൽ, ആയുർവേദ കോളേജ്, പരിയാരം | 12/548 | 180 | 30 | 50 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9 തീയതി 22.02.2022) മറുപടിയായി നികുതി പുന:പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 ബാങ്ക് കെട്ടിടങ്ങളെ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ എന്ന ഗണത്തിൽ പെടുത്തി വസ്തുനികുതി ഈടാക്കി

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന ബാങ്ക് കെട്ടിടങ്ങളെ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ എന്ന ഗണത്തിൽ പെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | വാർഡ് നം./ കെട്ടിട നം. | കെട്ടിടത്തിന്റെ വിവരം | കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കിയിരിക്കുന്ന അടിസ്ഥാന വസ്തുനികുതി |
|---|---|---|---|---|
| 1 | 8/302 | മാടായി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 70 | 30 |
| 2 | 9/19 | കടന്നപ്പള്ളി സർവീസ് സഹകരണ ബാങ്ക് | 222 | 30 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10 തീയതി 22.02.2022) മറുപടിയായി നികുതി പുന:പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ഒക്യുപ്പൻസി അനുയോജ്യ ഗണത്തിലേക്ക് മാറ്റേണ്ടതും വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 മൂല്യ നിർണ്ണയം നടത്തിയതിനേക്കാൾ അധികം തുക നൽകി-₹ 10,600 നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 110/19-20 |

| | |
|---|---|
| പേര് | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (പൊതു വിഭാഗം) |
| അടങ്കൽ | ₹900000 തനത് ഫണ്ട്. |
| ചെലവ് | ₹700000 |
| വൗച്ചർ നം./തിയതി | വൗച്ചർ നം.21901018/23.3.20-50,000(രണ്ടാം ഗഡു)<br>ആദ്യ ഗഡു-₹50,000/-<br>20.3.19 ന് തുക അനുവദിച്ചു. (2018-19) |

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018തസ്വഭവ തി:14.2.18 ഖ.7.9(6) പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പരമാവധി 1,00,000 രൂപവരെയാണ് അനുവദിക്കാവുന്നത്. 50% തുക മുൻകൂർ നൽകുകയും ബാക്കി തുക പണി പൂർത്തിയാക്കി മൂല്യനിർണ്ണയം നടത്തിയശേഷവുമാണ് നൽകുന്നത്. ഗുണഭോക്താവായ നാരായണി ഇ.വി. യുടെ ഭവന നിർമ്മാണം പൂർത്തിയായ ശേഷം ഓവർസിയർ തയ്യാറാക്കിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ തുക 89,400 രൂപ ആണ്. എന്നാൽ 1,00,000 രൂപയാണ് ടി ഗുണഭോക്താവിന്റെ 67264292686 നം. അക്കൗണ്ടിലേക്ക് സബ്സിഡി ആയി അനുവദിച്ചിരിക്കുന്നത്. തുക അധികം നൽകാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/25.2.22) നിർമ്മാണം പൂർത്തിയായി എന്ന് അറിയിച്ചതിനെ തുടർന്ന് ഓവർസിയറുമായി വാല്വേഷന് ചെന്നുവെങ്കിലും സാമ്പത്തിക പരാധീനത മൂലം പ്രവൃത്തി പൂർത്തീകരിച്ചിരുന്നില്ലെന്നും നിലവിലെ അവസ്ഥവച്ച് വാല്വേഷൻ തയ്യാറാക്കിയെന്നും അടുത്ത ഗഡു അനുവദിക്കാതെ തുടർപ്രവൃത്തി നടക്കില്ലായെന്ന് ബോധ്യപ്പെട്ടതിനാൽ അവശേഷിക്കുന്ന തുക കൈമാറിയെന്നും ഗുണഭോക്താവ് നിർമ്മാണം നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. വാല്യൂവേഷൻ തുക 89400 ആണെന്നിരിക്കെ 1,00,000 അനുവദിച്ചത് സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനമാണ്. അധികം നൽകിയ ₹ 10,600 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടക്കേണ്ടതാണ്.

## 1-18 വീട് വാസയോഗ്യമാക്കൽ പദ്ധതി-മേൽക്കൂര മാറ്റി വയ്ക്കുന്നതിലധികം പ്രവൃത്തി നടത്തിയോയെന്ന് വ്യക്തമല്ല.-₹1,75,000 തടസ്സത്തിൽ വെയ്ക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്റ്റ് നം | 110/19-20 |
| പേര് | വീട് വാസയോഗ്യമാക്കൽ (പൊതു വിഭാഗം) |
| അടങ്കൽ | 9,00,000 തനത് ഫണ്ട് |
| ചെലവ് | 7,00,000 |

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018തസ്വഭവ തി:14.2.18 ഖ.7.9(6) പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 1,00,000 രൂപവരെയാണ് അനുവദിക്കാവുന്നത്. താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയായപ്പോൾ തയ്യാറാക്കിയ വാലുവേഷൻ പ്രകാരം മേൽക്കൂര മാറ്റി വയ്ക്കൽ മാത്രമാണ് ചെയ്തിരിക്കുന്നത്. ഖ.7.9(1)പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ പൊതു വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 75,000 രൂപയാണ്.

| ക്രം നം | ഗുണഭോക്താവിന്റെ പേര് | വാല്യൂവേഷൻ തുക | നൽകിയ സബ്സിഡി | ആദ്യ ഗഡു 50,000 നൽകിയ തിയതി | രണ്ടാം ഗഡു 50,000 നൽകിയ തിയതി |
|---|---|---|---|---|---|
| 1 | സരസ്വതി എം. | 109000 | 1,00,000 | 18.1.19 | 21900302/3.8.19 |
| 2 | രാഘവൻ പി. | 148418 | 1,00,000 | 18.1.19 | 21900302/3.8.19 |
| 3 | പി.വി.സുശീല | 112243 | 1,00,000 | 18.1.19 | 21900302/3.8.19 |
| 4 | രോഹിണി കെ.ടി. | 139043 | 1,00,000 | 18.1.19 | 21900448/5.9.19 |
| 5 | വടക്കിനിയിൽ നാരായണി | 107217 | 1,00,000 | 20.3.19 | 21900448/5.9.19 |
| 6 | പി.കെ.ദേവി | 157000 | 1,00,000 | 20.3.19 | 21900568/29.10.19 |
| 7 | സബീന വെള്ളക്കുടിയൻ | 142510 | 1,00,000 | 20.3.19 | 21900568/29.10.19 |

മേൽക്കൂരമാറ്റിവയ്ക്കൽ മാത്രം നടത്തിയ മേൽ ഗുണഭോക്താക്കൾക്ക് അധിക സബ്സിഡി അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(25/25.2.22) മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കുന്നതിനായി മേൽക്കൂരയുടെ പ്രവർത്തികൾ, ചുമർ പ്ലാസ്റ്ററിംഗ് ചെയ്യൽ, ജനലുകൾ, വാതിലുകൾ, കട്ടിളകൾ എന്നിവ മാറ്റി പുതിയത് സ്ഥാപിക്കൽ, നിലം പി.സി.സി.ചെയ്തു പ്ലാസ്റ്റർ ചെയ്യൽ തുടങ്ങി വിവിധങ്ങളായ പ്രവർത്തികൾ എന്നിവ ചെയ്തിട്ടുണ്ടെന്നും വാല്യൂവേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മേൽക്കൂരയുടെ പ്രവർത്തികൾ തന്നെ പ്രൊജക്ട് പ്രകാരം വകയിരുത്തിയ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വാല്യൂവേഷൻ ലഭ്യമാകുന്ന സാഹചര്യം വന്നപ്പോൾ മറ്റു പ്രവർത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് ചുരുക്കിയതിനാലാണ് ഇത്തരത്തിൽ അപാകം വരാനിടയായത് എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽക്കൂര മാറ്റിവയ്ക്കുന്നതിൽക്കൂടുതൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് സമർത്ഥിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതുവരെ അധികമായി നൽകിയ ₹1,75,000 (7x25000) തടസ്സത്തിൽ വെയ്ക്കുന്നു.

## 1-19 ഭവന പുനരുദ്ധാരണം-മേൽക്കൂര മാറ്റി വയ്ക്കുന്നതിലധികം പ്രവൃത്തി നടത്തിയോയെന്ന് വ്യക്തമല്ല.-

₹10,000 തടസ്സത്തിൽ വെയ്ക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്റ്റ് നം | 170/19-20 |
| പേര് | ഭവന പുനരുദ്ധാരണം(പൊതു വിഭാഗം) |
| അടങ്കൽ | 24,00,000 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് | 18,67,234 |

മേൽ പ്രൊജക്റ്റ് പ്രകാരം പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിനായി 80,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആദ്യ ഗഡു | രണ്ടാം ഗഡു |
|---|---|---|---|
| 1 | ഇ.ടി.ജാനകി | 40,000<br>10/19-20 Dt 30.1.20 | 40,000<br>24/19-20 Dt 18.3.20 |
| 2 | ചന്ദ്രവല്ലി കെ.വി. | 40,000<br>14/19-20 Dt 25.2.20 | 40,000<br>24/19-20 Dt 18.3.20 |

മേൽ ഗുണഭോക്താക്കളുടെ വാല്യുവേഷൻ പ്രകാരം മേൽക്കൂര മാറ്റി വയ്ക്കൽ മാത്രമാണ് നടത്തിയിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018തസ്വഭവ തി:14.2.18ഖ.7.9(1)പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ പൊതു വിഭാഗത്തിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 75,000 രൂപയാണ്. അധികം തുക അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(28/26.2.22) മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കുന്നതിനായി മേൽക്കൂരയുടെ പ്രവൃത്തികൾ, ചുമർ പ്ലാസ്റ്ററിംഗ് ചെയ്യൽ, ജനലുകൾ, വാതിലുകൾ, കട്ടിളകൾ എന്നിവ മാറ്റി പുതിയത് സ്ഥാപിക്കൽ, നിലം പി.സി.സി.ചെയ്തു പ്ലാസ്റ്റർ ചെയ്യൽ തുടങ്ങി വിവിധങ്ങളായ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും വാല്യുവേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മേൽക്കൂരയുടെ പ്രവൃത്തികൾ തന്നെ പ്രൊജക്റ്റ് പ്രകാരം വകയിരുത്തിയ 80,000 രൂപയ്ക്ക് മുകളിൽ വാല്യുവേഷൻ ലഭ്യമാകുന്ന സാഹചര്യം വന്നപ്പോൾ മറ്റ് പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് ചുരുക്കിയതിനാലാണ് ഇത്തരത്തിൽ അപാകം വരാനിടയായത് എന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽക്കൂര മാറ്റിവയ്ക്കുന്നതിൽക്കൂടുതൽ പ്രവർത്തികൾ നടത്തിയിട്ടുണ്ടെന്ന് സമർത്ഥിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതുവരെ അധികമായി നൽകിയ ₹10,000 (2x5000) തടസ്സത്തിൽ വെയ്ക്കുന്നു.

1-20 ലൈഫ് ഭവന നിർമ്മാണ പദ്ധതി-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്റ്റ് നം., പേര് | 27/19-20, ലൈഫ് ഭവന നിർമ്മാണ പദ്ധതി |
| അടങ്കൽ | 1128400 വികസന ഫണ്ട്(പൊതു വിഭാഗം)<br>800000 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>688610 തനത് ഫണ്ട്<br>300000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>300000 ജില്ലാ പഞ്ചായത്ത് വിഹിതം<br>1582990 മറ്റുള്ളവ<br>ആകെ – 48,00,000 |
| ചെലവ് | 1128400 വികസന ഫണ്ട്(പൊതു വിഭാഗം)<br>217010 തനത് ഫണ്ട്<br>300000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ – 1645410 |

1)ഭൂമിയുടെ വില ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകി

ലൈഫ് ഭവന നിർമ്മാണം പൊതുവിഭാഗം ഫേസ് 3 യിൽ ഉൾപ്പെട്ട ഭൂരഹിതരായ വിജയകുമാരി കെ, ശാന്തമ്മ കെ.കെ, അബ്രഹാം കെ.വി എന്നീ ഗുണഭോക്താക്കൾക്ക് 2,00,000 രൂപ വീതം മുടക്കി 3 സെന്റ് ഭൂമി വീതം വാങ്ങി നൽകിയിട്ടുണ്ട്. ഭൂമിയുടെ വില നൽകേണ്ടത് വിറ്റ ആളുടെ അക്കൗണ്ടിലേക്കാണ്. എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്.ഭൂമി വിറ്റ ആൾക്ക് 2,00,000 രൂപയും ലഭിച്ചിട്ടുണ്ടെന്ന കൈപ്പറ്റ് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

2)കരാർ വയ്ക്കുന്നതിന് മുൻപ് ആദ്യ ഗഡു നൽകി.

ലൈഫ് ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായ 40,000 അനുവദിക്കുന്നതിന് മുൻപ് പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

ശാന്തമ്മ കെ.കെ. എന്ന ഗുണഭോക്താവുമായി 12.3.20 നാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. എന്നാൽ 29.2.20 നാണ് ആദ്യ ഗഡു നൽകിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഓണം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-₹6,000 തിരികെ ഈടാക്കിയിട്ടില്ല.

വൗച്ചർ നം.21900425/4.9.19 പ്രകാരം സാംജി ഇ.ആർ, അസിസ്റ്റന്റ് സെക്രട്ടറി ₹15,000 ഫെസ്റ്റിവൽ അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ₹9000 മാത്രമേ തിരികെ ഈടാക്കിയിട്ടുള്ളൂ. ₹6000 ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.2/19.2.22) വെള്ളനാട് പഞ്ചായത്തിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈടാക്കാൻ ബാക്കിയുള്ള ₹6000/- ഈടാക്കി രജിസ്റ്ററിൽ വരവു വയ്ക്കേണ്ടതാണ്.

## 1-22 പെരുവളങ്ങ അങ്കണവാടിയിൽ കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് ഡെപ്പോസിറ്റ് നൽകിയത് -പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം., പേര് | 156/19-20, പെരുവളങ്ങ അങ്കണവാടിയിൽ കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് തുക ഡെപ്പോസിറ്റ് |
| അടങ്കൽ | ₹24790 തനത് ഫണ്ട് |
| ചെലവ് | ₹24790 |
| വൗച്ചർ നം./തിയതി | 21900324/5.8.19(chq No.815316/5.8.19) |

പെരുവളങ്ങ അങ്കണവാടിയിൽ കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി. യിൽ ചെക്ക് നം.815316/5.8.19പ്രകാരം ₹24790/- ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം., പേര് | 1/19-20, ഐ.കെ.എം വിഹിതം |
| അടങ്കൽ | ₹62053 വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | ₹62053 |

IKM ന് 2019-20 വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ 62,053 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.2/19.2.22) മറുപടിയായി IKM ൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. IKM ൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് പരിപാലനം-അപാകങ്ങൾ

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ₹1,11,845 ഒടുക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, വർക്കിംഗ് അവേഴ്സ് എന്നിവ സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.3/21.2.22(1)) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തിക്കുന്ന തെരുവ് വിളക്കുകൾക്ക് മാത്രമാണോ തുക ഒടുക്കുന്നതെന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്. ഓരോ വാർഡിലേയും ജന പ്രതിനിധിയുടെ സഹായത്തോടെ പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിട്ടപ്പെടുത്തുകയും, വൈദ്യുത ചാർജ്, പരിപാലനം എന്നിവയുടെ ആധികാരികത ഉറപ്പു വരുത്തുന്നതിന് വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും അതിന്റെയടിസ്ഥാനത്തിൽ വൈദ്യുതി ചാർജ് പുനഃക്രമീകരിക്കുകയും ചെയ്യേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തി കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

തെരുവ് വിളക്കുകൾക്ക് വാർഷിക അറ്റകുറ്റപ്പണി കരാർ

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 105/19-20(SO-) |
| അടങ്കൽ | 95,000 തനത് ഫണ്ട് |
| ചെലവ് | 94,000 |
| വൗച്ചർ നം./തിയതി | 21900259/17.7.19-29000<br>21900553/18.10.19-30000<br>21900988/17.3.20-35,000 |

ഗ്രാമപഞ്ചായത്ത് പരിധിയിലെ വാറണ്ടി കാലയളവ് കഴിഞ്ഞ 216 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനായി ശ്രീ.അബ്ദുൾ അസീസിന് മൂന്ന ഗഡുക്കളായി ₹94000 രൂപ കൈമാറിയിട്ടുണ്ട്. സർക്കുലർ 3055/ഡി.എ3/2011/തസ്വഭവ തി:15.9.11 ലെ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തേണ്ടത്. താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

1)കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകിയിട്ടില്ല.

2) പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(3/21.2.22(2)) താഴെപ്പറയുന്ന പ്രകാരം മറുപടി നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകൾ പ്രവർത്തിക്കാതിരിക്കുന്നത് പഞ്ചായത്തിനെ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ഏറ്റവും അധികം പരാതി ഉണ്ടാക്കുന്ന ഒരു വിഷയമായതിനാൽ 4.9.18 മുതൽ 22.12.18 വരെയുള്ള കാലയളവിൽ 3 തവണ ടെണ്ടർ നടത്തിയെങ്കിലും ടെണ്ടറുകൾ ലഭിച്ചില്ല. അതിനാൽ ഭരണസമിതി തീരുമാനപ്രകാരം ടെണ്ടർ മുഖേനയല്ലാതെ അപേക്ഷ ക്ഷണിച്ച് കരാറുകാരനെ കണ്ടെത്തുകയാണുണ്ടായത്. മേൽ സാഹചര്യത്തിൽ കരാറുകാരന്റെ സാമ്പത്തിക പരാധീനത, തെരുവ് വിളക്ക് അറ്റകുറ്റപ്പണികളുടെ അടിയന്തരാവസ്ഥ എന്നിവ പരിഗണിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതെ തന്നെ കരാറിൽ ഏർപ്പെടേണ്ട സാഹചര്യം വന്നു. കത്താത്ത തെരുവിളക്കുകൾ വാർഡ് മെമ്പർമാർ നേരിട്ട് കരാറുകാരനെ അറിയിച്ചതിനാൽ പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടി വന്നില്ല എന്നിങ്ങനെയാണ് മറുപടി നൽകിയത്.

തുടർന്നുള്ള വർഷങ്ങളിൽ മേൽ പ്രൊജക്ട് നടപ്പിലാക്കുമ്പോൾ ടെണ്ടർ നടപടി ക്രമങ്ങളിലൂടെ തന്നെ കരാറുകാരനെ കണ്ടെത്തുന്നതിനു ശ്രമിക്കേണ്ടതാണ്. കൂടുതൽ രജിസ്റ്റേഡ് കരാറുകാരിലേക്ക് ടെണ്ടർ വിവരങ്ങൾ എത്തുന്ന രീതിയിൽ പത്രപരസ്യം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.സർക്കുലർ 3055/ഡി.എ3/2011/തസ്വഭവ തി:15.9.11 ലെ നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമ്മാണം - അപാകതകൾ

2018-19 വർഷം തയ്യാറാക്കി അംഗീകാരം നേടി 2019-20 വർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കിയ എടക്കോം ക്രൈസ്റ്റ് നഗർ എൽ പി സ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണം (149/2020) എന്ന പ്രൊജക്ടിന് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നം/പേര് | 149/2020,ക്രൈസ്റ്റ് നഗർ എൽ പി സ്കൂളിന് ടോയ് ലെറ്റ് നിർമ്മാണം (SO) |
| അടങ്കൽ | 208000 (ശുചിത്വമിഷൻഗ്രാന്റ്) |
| ചെലവ് | 196211 |
| വൗച്ചർ നം/തീയതി | 21901013 തീയതി 18.03.2020 |
| ഓഡിറ്റ് എൻക്വയറി | 4/2019-20, തീ. 21.02.2022 |

പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത എയ്ഡഡ് സ്കൂളാണ് ഇത്.
പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടത്താവുന്നത് എന്ന് മേൽ ഉത്തരവിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ഇല്ലാതിരിക്കെ എയ്ഡഡ് സ്കൂളിന് സഹായം നൽകി.

പഞ്ചായത്തിന്റെ വികസനരേഖ (2017-22) പ്രകാരം താഴെ കൊടുത്ത സർക്കാർ സ്കൂളുകൾക്ക് ടോയ്‌ലറ്റ് സൗകര്യമുണ്ടെങ്കിലും വിദ്യാർത്ഥികളുടെ അനുപാതത്തിനനുസരിച്ചല്ലെന്നും,അവ പഴക്കം കൊണ്ട് വേണ്ടത്ര ശുചിയാക്കാനാവാത്തതും ശിശു

സൗഹൃദമല്ലാത്തതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.CWSN കുട്ടികൾക്ക് വേണ്ട പ്രത്യേക ടോയ് ലെറ്റ് ഒരു സ്കൂളിൽ മാത്രമാണുള്ളത്.

| ക്രമ നം | സ്കൂൾ |
|---|---|
| 1 | ഗവ.എൽ പി സ്കൂൾ-പാണപ്പുഴ |
| 2 | ഗവ.എൽ പി സ്കൂൾ കാരയാട് |
| 3 | ഗവ.എൽ പി സ്കൂൾ ചെറുവിച്ചേരി |
| 4 | ഗവ.എൽ പി സ്കൂൾ -തെക്കേക്കര |

സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ഇല്ലായെന്ന് വ്യക്തമായിരിക്കെ അത് പരിഹരിക്കുന്നതിന് പ്രൊജക്ടുകൾ ഏറ്റെടുക്കാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളിന് ടോയ്‌ലറ്റ് നിർമിച്ച് നൽകുന്നതിന് പ്രൊജക്ട് ഏറ്റെടുത്ത് പണം ചെലവഴിച്ചതിന് കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സർക്കാർ സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് പരിശോധിക്കാൻ വിട്ടുപോയെന്ന് അറിയിച്ചിട്ടുണ്ട്.സർക്കാർ നിർദേശം പാലിച്ച് പ്രൊജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലനം-അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 15 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി ഡെപ്യൂട്ടി ഡയരക്ടർ എസ് എൽ ബി പിയുടെ അക്കൗണ്ടിലേയ്ക്ക് (നം-719011400000003 ) വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 9/2020 |
| പ്രൊജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 375000<br>വികസനഫണ്ട്-93750<br>സംസ്ഥാനവിഹിതം-93750<br>ഗുണഭോക്തൃവിഹിതം-187500 |
| ചെലവ് | 93750 |
| ബിൽ നമ്പർ | 01/2019-20 തീയതി 08.09.2019 |

15 ക്ഷീരകർഷകരായ ഗുണഭോക്താക്കളുടെ 4 - 6 മാസം വരെ പ്രായമുള്ള കിടാരികളെ തെരഞ്ഞെടുത്ത് ഇൻഷൂർ ചെയ്യുന്നതിനും തുടർന്ന് എല്ലാ മാസവും 50% സബ്സിഡിയോടെ ക്ഷീരസംഘം മുഖേന കാലിത്തീറ്റ ലഭ്യമാക്കുന്നതിനുമാണ് പദ്ധതി രൂപീകരിച്ച് തുക ഒടുക്കവരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04/2019(4) തീയതി 17.07.2019 നമ്പർ തീരുമാനപ്രകാരം പറവൂർ, കണ്ടോന്താർ, കടന്നപ്പള്ളി, തെക്കേക്കര എന്നീ സഹകരണസംഘങ്ങൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

2) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 20 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി ഡെപ്യൂട്ടി ഡയരക്ടർ എസ് എൽ ബി പിയുടെ അക്കൗണ്ടിലേയ്ക്ക് (നം-719011400000003 ) വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 10/2020 |
| പ്രൊജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 500000<br>വികസനഫണ്ട്-250000<br>ഗുണഭോക്തൃവിഹിതം-250000 |
| ചെലവ് | 250000 |

| | |
|---|---|
| ബിൽ നമ്പർ | 02/2019-20 തീയതി 08.09.2019 |
| ഓഡിറ്റ് എൻക്വയറി | 27/2019-20 തീയതി 28.02.2022 |

20 ക്ഷീരകർഷകരായ ഗുണഭോക്താക്കളുടെ 4 - 6 മാസം വരെ പ്രായമുള്ള കിടാരികളെ തെരഞ്ഞെടുത്ത് ഇൻഷ്വർ ചെയ്യുകയും തുടർന്ന് എല്ലാ മാസവും 50% സബ്സിഡിയോടെ ക്ഷീരസംഘം മുഖേന കാലിതീറ്റ ലഭ്യമാക്കാനാണ് പദ്ധതി രൂപീകരിച്ച് തുക ഒടുക്കവരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 04/2019(4) തീയതി 17.07.2019 നമ്പർ തീരുമാനപ്രകാരം പറവൂർ, കണ്ടോന്താർ, കടന്നപ്പള്ളി, തെക്കേക്കര എന്നീ സഹകരണസംഘങ്ങൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. മേൽ പദ്ധതികളിലെ ഉരുക്കളെ പദ്ധതിയിൽ എൻറോൾ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.27/25.05.2022)

## 1-27 ഗണിതം, മലയാളം ഭാഷാ പഠനം, ശാസ്ത്ര തൊഴിൽ പരിചയ മേള കുട്ടികൾക്ക് - ₹1000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ഗണിതം, മലയാളം ഭാഷാ പഠനം, ശാസ്ത്ര തൊഴിൽ പരിചയ മേള കുട്ടികൾക്ക് |
| പ്രൊജക്റ്റ് നം | 65/20 |
| അടങ്കൽ | ₹1,00,000/- (₹1,00,000- വികസന ഫണ്ട്) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 4/2019-20/16.12.2019 ₹1,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,<br>ഗവ. എൽ പി സ്കൂൾ, ചെറുവച്ചേരി . |

ഗ്രാമ പഞ്ചായത്തിലെ വിവിധ എൽ പി, യു പി സ്കൂളുകളിൽ പഠിക്കുന്ന 100 വിദ്യാർത്ഥികൾക്ക് ഗണിതം, മലയാള ഭാഷ, പരിസ്ഥിതി, നിർമ്മാണം, സിനിമ, ശാസ്ത്രം, അഭിനയം, തൊഴിൽ പരിചയം തുടങ്ങിയ മേഖലകളിൽ 3 ദിവസം ഒന്നിച്ച് താമസിച്ച് പരിശീലനം നൽകുന്നതിനും വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരമൊരുക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി ക്ലാസുകൾ കൈകാര്യം ചെയ്തതുമായി ബന്ധപ്പെട്ട് റെമ്യൂണറേഷൻ ഇനത്തിൽ 13 പേർക്ക് 1000 രൂപ വീതം നൽകിയതിന് 13,000 രൂപ പ്രോഗ്രാം കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ 12 പേരുടെ കൈപ്പറ്റ് രശീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. (പദ്ധതിയുടെ ഭാഗമായി 12 അദ്ധ്യാപകരാണ് ക്ലാസുകൾ കൈകാര്യം ചെയ്തിട്ടുമുള്ളത്). വൗച്ചർ നമ്പർ 8 തീയതി 08/11/2019 പ്രകാരമുള്ള 1000 രൂപ റെമ്യൂണറേഷൻ അനുവദിച്ചിട്ടുള്ളത് ആർക്കാണെന്ന് വ്യക്തമല്ല. പ്രസ്തുത വൗച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 തീയതി 23.02.2022) മറുപടിയായി വൗച്ചർ നമ്പർ 8 തീയതി 08/11/2019 ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതയുടെ അടിസ്ഥാനത്തിൽ ₹1000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ഡയലൈസർ കിറ്റ് - ഒറിജിനൽ ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ഡയലൈസർ കിറ്റ് |
| പ്രൊജക്റ്റ് നം | 94/20 |
| അടങ്കൽ | ₹1,00,000/- (₹1,00,000- വികസനഫണ്ട്) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 12/19-20 തീയതി 16.12.2019 ₹1,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>കടന്നപ്പള്ളി |

ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്ക് ഡയാലിസിസ് ചെയ്യാൻ ആവശ്യമായ സാധനങ്ങളുടെ കിറ്റ് നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കിറ്റിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് 1,00,000 രൂപ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നുള്ള പ്രൊഫോമ ഇൻവോയിസാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഒറിജിനൽ ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17, തീയതി 24.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി

ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 സാന്ത്വന പരിചരണ പരിപാടിയുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണ പരിപാടി |
| പ്രൊജക്റ്റ് നം | 44/20 |
| അടങ്കൽ | ₹6,18,499/- (₹3,88,499- വികസനഫണ്ട്, ₹30,000 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹2,00,000 - ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 1/19-20 തീയതി 15.07.2019 ₹35,901<br>2/19-20 തീയതി 05.09.2019 ₹31,735<br>3/19-20 തീയതി 05.09.2019 ₹33,709<br>4/19-20 തീയതി 27.09.2019 ₹36,341<br>6/19-20 തീയതി 24.10.2019 ₹33,830<br>7/19-20 തീയതി 24.10.2019 ₹1,00,000<br>11/19-20 തീയതി 23.11.2019 ₹34,139<br>13/19-20 തീയതി 16.12.2019 ₹34,405<br>14/19-20 തീയതി 18.01.2019 ₹34,334<br>19/19-20 തീയതി 31.03.2020 ₹3,994<br>20/19-20 തീയതി 31.03.2020 ₹9,211<br>ആകെ - ₹3,87,599 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>കടന്നപ്പള്ളി |

പഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, കുടുംബസംഗമം, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2-2 പ്രകാരം വാർഡ് തല പ്രവർത്തനത്തിന്റെ ഭാഗമായി ദീർഘകാല പരിചരണം ആവശ്യമുള്ളവരെ വാർഡടിസ്ഥാനത്തിൽ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതും ഇവർക്ക് മാനസിക സാമൂഹിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ആരോഗ്യ അവലോകന സമിതി രൂപീകരിക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019/ ത.സ്വ.ഭ.വ തീയതി 7.3.2019 2-3 പ്രകാരം പഞ്ചായത്തിൽ ദീർഘകാല പരിചരണം ആവശ്യമുള്ളവരുടെ ലിസ്റ്റ് സബ്സെന്റർ തലത്തിൽ കണ്ടെത്തി ഓരോ രോഗിക്കും പരിചരണം ഉറപ്പാക്കേണ്ടതും തുടർച്ചയായി മരുന്നുകൾ ആവശ്യമുള്ളവരെ ആരോഗ്യ കേന്ദ്രത്തിലെ ഓ.പി.യിലേക്ക് റഫർ ചെയ്യേണ്ടതും നഴ്സിംഗ് പരിചരണം ആവശ്യമായവരെ ഹോം കെയർ യൂണിറ്റിലേക്ക് റഫർ ചെയ്യേണ്ടതുമാണ്. എന്നാൽ സബ്സെന്റർ തലത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. മാർഗരേഖ ഖണ്ഡിക 2.4.2 പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. മാർഗരേഖ ഖണ്ഡിക 2.16 പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം മോണിറ്ററിംഗിനായി ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിനെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. മാർഗരേഖ ഖണ്ഡിക 2.6.3 പ്രകാരം പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളെ പരിശോധിക്കുന്ന ഹോം കെയർ ടീമിന്റെ വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഹോം കെയർ ആരംഭിച്ച സമയം, ഓരോ രോഗികളുടെ വീട്ടിൽ എത്തിയതും തിരിച്ചിറങ്ങിയതുമായ സമയം, ആകെ കണ്ട രോഗികളുടെ എണ്ണം, ഉച്ചഭക്ഷണത്തിന് നിർത്തിയ സമയം, നേരത്തെ അവസാനിപ്പിച്ചെങ്കിൽ കാരണം, അവസാനിപ്പിച്ച സമയം, ടീമംഗങ്ങൾ എത്തിയതും പോയതുമായ സമയം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ആഴ്ചയിൽ ഒരു പ്രാവശ്യം മെഡിക്കൽ ഓഫീസർ ഹോം കെയർ ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ

ഹോംകെയർ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17, തീയതി 24.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 സാന്ത്വന പരിചരണ പരിപാടി (സ്പിൽ ഓവർ) - ₹54,273 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സാന്ത്വന പരിചരണ പരിപാടി - സ്പിൽ ഓവർ |
| പ്രൊജക്ട് നം | 115/20 |
| അടങ്കൽ | ₹1,20,259/- വികസനഫണ്ട് |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 8/19-20 തീയതി 24.10.2019 ₹24,273<br>9/19-20 തീയതി 24.10.2019 ₹30,000<br>10/19-20 തീയതി 24.10.2019 ₹33,148<br>ആകെ - ₹87,421 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>കടന്നപ്പള്ളി |

പഞ്ചായത്തിലെ കിടപ്പ് രോഗികളായവർക്ക് സാന്ത്വനപരിചരണം നൽകുന്നതിനായി പാലിയേറ്റീവ് കെയർ നഴ്സിന്റെ വേതനം, വാടകയ്ക്കെടുത്ത വാഹനത്തിന്റെ പ്രതിദിന ചാർജ്ജ്, ഹോംകെയർ, കുടുംബസംഗമം, മറ്റ് ചെലവുകൾ എന്നീയിനങ്ങളിലെ ചെലവുകൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബിൽ നം. 08/19-20 തീയതി 24.10.2019 പ്രകാരം പി എച്ച് സി യിലേക്ക് ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് 24,273 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. 64,273 രൂപയുടെ പ്രൊഫോമ ഇൻവോയിസാണ് ഇതുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. പ്രൊഫോമ ഇൻവോയിസിൽ പരാമർശിച്ച ഏത് ഉപകരണങ്ങളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമല്ല. ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇതുമായി ബന്ധപ്പെട്ട ഒറിജിനൽ ബിൽ ലഭ്യമാക്കിയിട്ടില്ല.

2. ബിൽ നം. 09/19-20 തീയതി 24.10.2019 പ്രകാരം പി എച്ച് സി യിലേക്ക് ഉപകരണങ്ങളും മരുന്നുകളും വാങ്ങിയതുമായി ബന്ധപ്പെട്ട് 30,000 രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. 90,000 രൂപയുടെ പ്രൊഫോമ ഇൻവോയിസാണ് ഇതുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. പ്രൊഫോമ ഇൻവോയിസിൽ പരാമർശിച്ച ഏത് ഉപകരണങ്ങളാണ്/മരുന്നുകളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമല്ല. ഉപകരണങ്ങൾ/മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഇതുമായി ബന്ധപ്പെട്ട ഒറിജിനൽ ബിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20 തീയതി 24.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹54,273/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തു/സ്റ്റോക്കിൽ അവശേഷിക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്ട് നം | 99/20 |
| അടങ്കൽ | ₹4,00,000/- (₹4,00,000- മെയിന്റനൻസ് ഫണ്ട് (റോഡിതരം)) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 05/19-20 തീയതി 27.09.2019 ₹4,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി,<br>കടന്നപ്പള്ളി |

ആയുർവ്വേദ ചികിത്സ തേടുന്ന രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ട് 4,00,000 രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. മുഴവൻ തുകയ്ക്കുള്ള മരുന്നുകളും ഔഷധിയിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഉപയോഗയോഗ്യമായ കാലയളവിന് ശേഷം മരുന്നുകൾ വിതരണം ചെയ്തു .

ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന മരുന്നുകൾ അവയുടെ ഉപയോഗയോഗ്യമായ കാലയളവിന് ശേഷമാണ് രോഗികൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

| ഇൻവോയിസ് | മരുന്ന് | ബാച്ച് | അളവ് | ആകെ | ഉപയോഗയോഗ്യമായ | ഉപയോഗയോഗ്യമായ | ഉപയോഗയോഗ്യമായ | സ്റ്റോക്ക് |
|---|---|---|---|---|---|---|---|---|

| നമ്പർ | | നം | | വില | കാലയളവ് | കാലയളവിന് ശേഷം മരുന്ന് വിതരണം ചെയ്ത തീയതി | കാലയളവിന് ശേഷം വിതരണം ചെയ്ത മരുന്നിന്റെ അളവ് | രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|---|---|---|---|---|
| 90136846 തീയതി 30.10.2019 | നാൽപാമരാദി കേരം (200 Ml) | T251834 | 48 എണ്ണം | 3552 (48 X 72) | 07/21 | 30/11/21 | 10 എണ്ണം | 126 |
| 90136846 തീയതി 30.10.2019 | ശതാഹ്വാദി കുഴമ്പ് (200 Ml) | T491740, T491824 | 256 എണ്ണം (178 + 78) | 14,030 (256 X 55) | 12/20, 10/21 | 01/01/21 ന് ശേഷം | വ്യക്തമല്ല | 64 |
| 90136846 തീയതി 30.10.2019 | ദശമൂലം കഷായ ചൂർണം (1 Kg) | K63185 | 12 എണ്ണം | 1212 (12x101) | 01/21 | 07/04/21 28/09/21 | 12 എണ്ണം | 79 |

2) ഉപയോഗയോഗ്യമായ കാലയളവ് കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു .

ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന മരുന്നുകൾ അവയുടെ ഉപയോഗയോഗ്യമായ കാലയളവിന് ശേഷവും സ്റ്റോക്കിൽ അവശേഷിക്കുന്നതായി കാണുന്നു.

| ഇൻവോയിസ് നമ്പർ | മരുന്ന് | ബാച്ച് നം | അളവ് | ആകെ വില | ഉപയോഗയോഗ്യമായ കാലയളവ് | ഉപയോഗയോഗ്യമായ കാലയളവിന് ശേഷം വിതരണം ചെയ്യാതെ അവശേഷിക്കുന്ന മരുന്നിന്റെ അളവ് | അവശേഷിക്കുന്ന മരുന്നിന്റെ വില | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|---|---|---|---|---|
| 90136846 തീയതി 30.10.2019 | നാൽപാമരാദി കേരം (200 Ml) | T251834 | 48 എണ്ണം | 3552 (48 X 72) | 07/21 | 7 എണ്ണം | 504 (7 X 72) | 126 |
| 90136846 തീയതി 30.10.2019 | ശതാഹ്വാദി കുഴമ്പ് (200 Ml) | T491740, T491824 | 256 എണ്ണം (178 + 78) | 14,030 (256 X 55) | 12/20, 10/21 | 178 എണ്ണം | 9790 (55 X 178) | 64 |
| 90136846 തീയതി 30.10.2019 | കച്ചൂരാദി വട്ട് ഗുളിക (100 എണ്ണം) | P15182 | 100 എണ്ണം | 413 (നൂറെണ്ണത്തിന്) | 11/21 | 50 എണ്ണം | 206.5 (413/2) | 109 |
| 90136846 30.10.2019 | ചന്ദനാദി വർത്തി ഗുളിക (100 എണ്ണം) | P8181 | 400 എണ്ണം | 856 (നൂറെണ്ണത്തിന് 214) | 09/21 | 200 എണ്ണം | 428 (214 X2) | 70 |
| 90144994 തീയതി 30.12.2019 | പഞ്ചകോല ചൂർണം (500 ഗ്രാം) | C44191 | 5 എണ്ണം | 1225 (245 X 5) | 11/21 | 7 എണ്ണം (മുൻപ് വാങ്ങിയ മരുന്നുകളും ഉൾപ്പെടുന്നു) | 1715 (245 X 7) | 113 |
| 90141547 തീയതി 29.11.2019 | ഖദിര ഗുളിക (100 എണ്ണം) | P11184 | 300 എണ്ണം | 1071 (നൂറെണ്ണത്തിന് 357) | 12/21 | 400 എണ്ണം (മുൻപ് വാങ്ങിയ മരുന്നുകളും ഉൾപ്പെടുന്നു) | 1,428 (357 X 4) | 29 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21 തീയതി 24.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ സ്റ്റോക്കിൽ എടുക്കുമ്പോൾ അവയുടെ കാലാവധി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും കാലാവധി കഴിഞ്ഞ മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

കാലാവധി കഴിഞ്ഞിട്ടും വിതരണം ചെയ്യാതെ സ്റ്റോക്കിൽ അവശേഷിക്കുന്ന മരുന്നുകൾ ഔഷധിക്ക് തിരികെ നൽകി പകരം മരുന്ന് ലഭ്യമാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ - ₹32994/-തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് |
| പ്രൊജക്ട് നം | 95/20 |
| അടങ്കൽ | ₹12,00,000/- (₹83,768- വികസന ഫണ്ട്, ₹6,66,232- തനത് ഫണ്ട്, ₹2,50,000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹2,00,000- ജില്ലാ |

| | |
|---|---|
| | പഞ്ചായത്ത് വിഹിതം) |
| ബിൽനം/ചെക്ക് നം/തീയ്യതി/ഉക | 02/19-20 തീയതി 20.01.2020 ₹83,768<br>03/19-20 തീയതി 01.02.2020 ₹1,87,197<br>06/19-20 തീയതി 05.03.2020 ₹37,563<br>ബിൽ നം. 51900967 തീയതി 31.03.2020 ₹29,610<br>ബിൽ നം. 51900594 തീയതി 31.03.2020 ₹1,00,000<br>ബിൽ നം. 51900594 തീയതി 31.03.2020 ₹18,584<br>ബിൽ നം. 51900594 തീയതി 31.03.2020 ₹39,586<br>ബിൽ നം. 51900594 തീയതി 31.03.2020 ₹62,220<br>ബിൽ നം. 51900595 തീയതി 31.03.2020 ₹98,877<br>ബിൽ നം. 51900595 തീയതി 31.03.2020 ₹2,00,684<br>ബിൽ നം. 51900595 തീയതി 31.03.2020 ₹64,281<br>ബിൽ നം. 51900595 തീയതി 31.03.2020 ₹91,788<br>ബിൽ നം. 51900595 തീയതി 31.03.2020 ₹7,386<br>ആകെ ₹10,21,544 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്ത്. |

പഞ്ചായത്തിലെ സ്ഥിര താമസക്കാരായ, ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. 28/02/2019 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം കടന്നപ്പള്ളി, ചെറുതാഴം, പേരൂൾ, എടക്കോം, തെക്കേക്കര, പറവൂർ ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന 446 ക്ഷീര കർഷകരെയാണ് പദ്ധതി ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1) ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചുവടെ ചേർത്ത വ്യക്തികൾക്ക് പദ്ധതിയുടെ ഭാഗമായി തുക അനുവദിച്ചിട്ടുണ്ട്. ഇവരുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | അക്കൗണ്ട് നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| 1 | കമലമ്മ പി കെ | 10210001000 | 22044 |
| 2 | കോരൻ സി കെ | 20051569342 | 498 |
| 3 | രാമൻ സി എ | 42242200077981 | 8835 |
| 4 | വിജയൻ | 67260204908 | 1617 |
| ആകെ | | | 32,994 |

2) പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 തീയതി 23.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ വ്യക്തികളെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും ഇവരുടെ അപേക്ഷകളുടെയും അനുബന്ധ രേഖകളുടെയും പകർപ്പും പദ്ധതിയുടെ മോണിറ്ററിങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അപാകതയുടെ അടിസ്ഥാനത്തിൽ ഗുണഭാക്തൃ പട്ടികയിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് അനുവദിച്ച ₹32994/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മൂല്യ നിർണ്ണയം നടത്തിയതിനേക്കാൾ അധികം തുക നൽകി-₹ 10,600 നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 110/19-20 |
| പേര് | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ(പൊതു വിഭാഗം) |
| അടങ്കൽ | ₹900000 തനത് ഫണ്ട്. |
| ചെലവ് | ₹700000 |
| വൗച്ചർ നം./തിയതി | വൗച്ചർ നം.21901018/23.3.20-50,000(രണ്ടാം ഗഡു)<br>ആദ്യ ഗഡു-₹50,000<br>20.3.19 ന് തുക അനുവദിച്ചു (2018-19) |

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018തസ്വഭവ തി:14.2.18 ഖ.7.9(6) പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പരമാവധി 1,00,000 രൂപവരെയാണ് അനുവദിക്കാവുന്നത്. 50% തുക മുൻകൂർ നൽകുകയും ബാക്കി തുക പണി പൂർത്തിയാക്കി മൂല്യനിർണ്ണയം നടത്തിയശേഷവുമാണ് നൽകുന്നത്. ഗുണഭോക്താവായ നാരായണി ഇ.വി. യുടെ ഭവന നിർമ്മാണം പൂർത്തിയായ ശേഷം ഓവർസിയർ തയ്യാറാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ തുക 89,400 രൂപ ആണ്. എന്നാൽ 1,00,000 രൂപയാണ് ടി ഗുണഭോക്താവിന്റെ 67264292686 നം. അക്കൗണ്ടിലേക്ക് സബ്സിഡി ആയി അനുവദിച്ചിരിക്കുന്നത്. തുക അധികം നൽകാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/25.2.22) നിർമ്മാണം പൂർത്തിയായി എന്ന് അറിയിച്ചതിനെ തുടർന്ന് ഓവർസിയറുമായി വാലേഷന് ചെന്നവെങ്കിലും സാമ്പത്തിക പരാധീനത മൂലം പ്രവൃത്തി പൂർത്തീകരിച്ചിരുന്നില്ലെന്നും നിലവിലെ അവസ്ഥവച്ച് വാലേഷൻ തയ്യാറാക്കിയെന്നും അടുത്ത ഗഡു അനുവദിക്കാതെ തുടർപ്രവൃത്തി നടക്കില്ലായെന്ന് ബോധ്യപ്പെട്ടതിനാൽ അവശേഷിക്കുന്ന തുക കൈമാറിയെന്നും ഗുണഭോക്താവ് നിർമ്മാണം നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. വാല്യുവേഷൻ തുക 89400 ആണെന്നിരിക്കെ 1,00,000 അനുവദിച്ചത് സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനമാണ്. അധികം നൽകിയ ₹ 10,600 ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 16.02.2022 | കെ.എസ്.എ/കെ.എൻ.ആർ/സി12-470/2022<br>തീയതി - 19-05-2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്/നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തളിപ്പറമ്പ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ്, 13/2020 | 200000 | 0 |
| | | 425000 | നെൽകൃഷി വികസനം, 93/2020 | 425000 | 0 |
| | | 51000 | ജൈവപച്ചക്കറി വികസനം, 32/2020 | 51000 | 0 |
| | | 250000 | പാലിന് ഇൻസെന്റീവ്, 95/2020 | 250000 | 0 |
| | | 350000 | കള്ളക്കാംതോട് ശ്മശാനം, 91/2020 | 0 | 350000 |
| | | 300000 | ലൈഫ് ഭവനപദ്ധതി, 27/2020 | 0 | 300000 |
| | ആകെ | 1576000 | | 926000 | 650000 |
| കണ്ണൂർ | 2019-20 | 200000 | ഭിന്നശേഷി സ്കോളർഷിപ്പ്, 13/2020 | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 297500 | നെൽകൃഷി വികസനം, 93/2020 | 297500 | 0 |
| | | 300000 | ലൈഫ് ഭവനിർമ്മാണ പദ്ധതി, 27/2020 | 300000 | 0 |
| | | 37563 | പാലിന് ഇൻസെന്റീവ്, 95/2020 | 37563 | 0 |
| | ആകെ | 835063 | | 835063 | 0 |

വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി മുൻവർഷങ്ങളിലുൾപ്പെടെ ലഭിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പട്ടികജാതി കുടിവെള്ള പദ്ധതി, 6/2020 | 120000-ബിൽ റഫറൻസ് നം. 191904520079220/05.11.2019 | 120000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | ഘടക സ്ഥാപനങ്ങൾക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ 38/2020 | 21900698 തീയതി 13.12.2019 | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | ഘടകസ്ഥാപനങ്ങൾക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ 15/2020 | 21900699 തീയതി 13.12.2019 | 150000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടില്ല |
| കെ എസ് ഇ ബി | പെരുവളങ്ങ അംഗൻവാടി ഇലക്ട്രിക്ക് കണക്ഷൻ 156/2020 | 21900324 തീയതി 05.08.2019 | 24790 | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ,വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | GO(MS)68/ 2018/18.05.18 | 3570000 (ഹഡ്കോ) | 2330000 | 1240000 | 294118 | 0 | 3275882 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 26217185 |
| തൻവർഷം നിക്ഷേപിച്ച തുക | 1352325 |
| ആകെ | 27569510 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 9805358 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 17764152 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മാടായി കോ.ഓപ്പറേറ്റീവ് ബാങ്ക്(1802111103177) | 31.01.2020 | 27.12.2020 | 1637518 | |
| 2 | മാടായി കോ.ഓപ്പറേറ്റീവ് ബാങ്ക്(1802111103178) | 31.01.2020 | 27.12.2020 | 1808780 | |
| 3 | മാടായി കോ.ഓപ്പറേറ്റീവ് ബാങ്ക്(1802111103179) | 31.01.2020 | 27.12.2020 | 1637518 | |
| 4 | മാടായി കോ.ഓപ്പറേറ്റീവ് ബാങ്ക്(1002111113504) | 02.02.2020 | 28.12.2020 | 380924 | |
| 5 | കടന്നപ്പള്ളിപാണപ്പുഴസർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്(485) | 15-12-2019 | 14.12.2020 | 3069853 | |
| 6 | കടന്നപ്പള്ളിപാണപ്പുഴസർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്(486) | 15.12.2019 | 14.12.2020 | 3069853 | |
| 7 | കടന്നപ്പള്ളിപാണപ്പുഴസർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്(487) | 15-12-2019 | 14.12.2020 | 3069853 | |
| 8 | കടന്നപ്പള്ളിപാണപ്പുഴസർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്(488) | 15-12-2019 | 14.12.2019 | 3069853 | |
| 9 | മലബാർ ടൂറിസം ഡവലപ്മെൻറ് കോർപറേഷൻ- വിസ്മയ- ഷെയർ-2എണ്ണം | 09-04-15 | | 20000 | |
| | ആകെ | | | 17764152 | |

ഗ്രാമപഞ്ചായത്തിൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അത് കാലികമാക്കിയിട്ടില്ല.

ഓരോ വർഷവും നിക്ഷേപിക്കുന്ന തുക, ലഭിക്കുന്ന പലിശ, നിക്ഷേപ കാലയളവ് , പലിശ നിരക്ക് ഉടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയത് അപൂർണ്ണമാണ്. നിക്ഷേപം കാലാവധി കഴിയുന്നമുറയ്ക്ക് പുതുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയിലെ B-12 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 983931 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12, 2012-13 | 3-2 | 964558 | കേരള വാട്ടർ അതോറിറ്റി | 119010900044<br>04.11.2019 |
| 2015-16 | 2-2 | 1250 | രവീന്ദ്രൻ എം പി,നഴ്സിംഗ് അസിസ്റ്റന്റ് | 119010900011<br>12.11.2019 |
| 2017-18 | 3-1 | 3418 | സെക്രട്ടറി,കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് | 119010105998<br>24.01.2020 |
| 2017-18 | 3-11 | 14705 | ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡ് | 119020900020<br>06.06.2019(തുക നേരിട്ട് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു) |
| ആകെ | | 983931 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-5 | 2009-10 | 3.4.2.(1) | വ്യവസായ യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചില്ല. | തുടരുന്നു |
| 2014-15<br>2015-16 | 2-2<br>2-2 | 2016-17 | അനുബന്ധം4<br>അനുബന്ധം5 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 6,77,50,750 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 5,39,25,748 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 10600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2,73,267 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-17) | | 10600 | ശ്രീ.സനൂപ് പി, വി ഇ ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 175000 | ശ്രീ.സനൂപ് പി,വി ഇ ഒ |
| 1-19 | 10000 | ശ്രീ.സനൂപ് പി,വി ഇ ഒ |
| 1-27 | 1000 | ശ്രീ.ഉണ്ണിമാധവൻ, ഹെഡ് മാസ്റ്റർ |
| 1-30 | 54273 | ഡോ. മനേഷ്. കെ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-32 | 32,994 | ശ്രീ. സ്നേഹേഷ്, ഡയറി ഫാം ഇൻസ്ട്രക്ടർ |

| | | |
|---|---|---|
| ആകെ | 2,73,267 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സന്ദൂപ് പി, വി ഇ ഒ | വി ഇ ഒ, കടന്നപ്പള്ളി ഗ്രാമപഞ്ചായത്ത് | കഴകക്കാരൻ (ഹൗസ്) എടാട്ട് (പി ഒ) |

## 4-11 ഓഡിറ്റ് ഇംപാക്റ്റ്

ഓഡിറ്റിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തുക 3,423/- രൂപ താഴെ കൊടുത്ത പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| ക്രമ നം. | ഓഡിറ്റ് എൻക്വയറി നം.&തീയതി | വിഷയം | തുക |
|---|---|---|---|
| 1 | 12/23.02.22 | മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയില്ല | 1350 |
| 2 | 13/ 23.02.22 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1260 |
| 3 | 23/25.02.22 | പെർമിറ്റ് ഫീസ് കുറവായി ഈടാക്കി | 350 |
| 4 | 24/25.02.22 | പോർച്ച് ഏരിയക്ക് പെർമിറ്റ് ഫീസ് ഈടാക്കിയില്ല | 463 |
| ആകെ | | | 3423 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 4 |
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 1 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 8 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 1 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 1 |
| 2009-10 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 1 |
| 2011-12, 2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 7 |

| | | |
|---|---|---|
| 2013-14, 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 15 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 2 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/ 895/2019,/തീ.10-06-19 | 8 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/273/2019 തീ. 25-05-19 | 18 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി13/196/2020 തീ. 11.03.2020 | 6 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Kadannappalli Panappuzha Grama Panchayat RECEIPT & PAYMENT STATEMENT
For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 3493869.00 |
| Cash | Cash | RP-40(a) | 8496.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 5819250.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 261.00 |
| 130000000 | Rental income from Panchayat Properties | RP-3 | 29134.00 |
| 140000000 | Fees & User Charges | RP-4 | 539001.00 |
| 150000000 | Sale & Hire Charges | RP-5 | 346073.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 35398083.00 |
| 171000000 | Interest Earned | RP-9 | 249887.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4836764.00 |
| 350000000 | Other Liabilities | RP-36 | 603407.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 5377.00 |
| 311000000 | Earmarked Funds | RP-29 | 4071.00 |
| 330000000 | Secured Loans | RP-32 | 1240000.00 |
| 340000000 | Deposits Received | RP-34 | 82683.00 |
| 350000000 | Other Liabilities | RP-36 | 262784.00 |
| 420000000 | Investments | RP-41 | 10047207.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3743817.00 |
| 460000000 | Loans, Advances and Deposits | RP-47 | 1040586.00 |
| | Grand total | | 67750750.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3415461.00 |
| 220000000 | Administrative Expenses | RP-12 | 643480.00 |
| 230000000 | Operations & Maintenance | RP-13 | 599482.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5667145.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14878261.00 |
| 252000000 | Decentralised Plan Programme- Infrastructure | RP-17 | 4431966.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 190851.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 425480.00 |
| 255000000 | Maintenance Projects | RP-20 | 2761204.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 20000.00 |
| 280000000 | Prior Period item | RP-26 | -10779.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 7093405.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1706.00 |
| 280000000 | Prior Period Item | RP-26 | -1250.00 |
| 311000000 | Earmarked Funds | RP-29 | 21500.00 |
| 340000000 | Deposits Received | RP-34 | 138207.00 |
| 350000000 | Other Liabilities | RP-36 | 2218893.00 |
| 410000000 | Fixed Assets | RP-38 | 7211745.00 |
| 412000000 | Capital work in Progress | RP-40 | 2727517.00 |
| 460000000 | Loans, Advances and Deposits | RP-47 | 1491474.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13825002.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 67750750.00 |

## അനുബന്ധം 3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Kadannappalli Panappuzha Grama Panchayat INCOME & EXPENDITURE STATEMENT
For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 9756633.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 261.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 208867.00 |
| 140000000 | Fee & User Charges | I-4(b) | 679601.00 |
| 150000000 | Sale & Hire Charges | I-5(b) | 346473.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 100621733.00 |

| | | | |
|---|---|---|---|
| 170000000 | Income from Investments | I-7 | 935844.00 |
| 171000000 | Interest Earned | I-8 | 249887.00 |
| 180000000 | Other Income | I-9 | 5377.00 |
| | Total Income | | 112804676.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9935200.00 |
| 220000000 | Administrative Expenses | I-11(b) | 643480.00 |
| 230000000 | Operations & Maintenance | I-12(b) | 1409162.00 |
| 240000000 | Interest & Finance Charges | I-13 | 1706.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5667145.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 30453006.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4970225.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 190851.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 46820780.00 |
| 255000000 | Maintenance Projects | I-14(e) | 2761204.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 20000.00 |
| 270000000 | Provisions and Write off | I-16 | 8605.00 |
| 272000000 | Depreciation | I-17(a) | 9453836.00 |
| | Total Expenditure | | 112335200.00 |
| | Gross Surplus/ Deficit of income over Expenditure | | 469476.00 |
| 280000000 | Prior Period Item | I-18 | 362137.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 107339.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## ബാലൻസ് ഷീറ്റ്

| Kadannappalli Panappuzha Grama Panchayat BALANCE SHEET<br>For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 42534880.52 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 54267.00 |
| 312000000 | Reserves | B-3 | 57789399.00 |
| | Total Reserve & Surplus | | 100378546.52 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4868682.93 |
| | Total Grants, Contributions for Specific Purposes | | 4868682.93 |
| | Loans | | |
| 330000000 | Secured Loans | B-5 | 3275882.00 |
| | Total Loans | | 3275882.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 248096.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1639808.55 |
| | Total Current Liabilities and Provisions | | 1887904.55 |
| | TOTAL LIABILITIES | | 110411016.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 109706931.00 |
| 411000000 | Accumulated Depreciation | B-11 | -32959548.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 76747383.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 17105822.00 |
| | Total Investments | | 17105822.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1260321.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 13825002.00 |
| 460000000 | Loans, Advances and Deposits | B-18 | 1472488.00 |
| | Total Current Assets, Loans and Advances | | 16557811.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 110411016.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.